# മാമ ആഫ്രിക്ക

**ടി.ഡി. രാമകൃഷ്ണൻ**



ഫോട്ടോ: എൻ.എ. നസീർ

മലയാളത്തിൽ എഴുതി ഇംഗ്ലീഷിലും സ്വഹിലിയിലും ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുന്ന യുഗാണ്ടൻ എഴുത്തുകാരി താരാ വിശ്വനാഥിന്റെ രചനകളുടെ രൂപത്തിലാണ് ടി.ഡി. രാമകൃഷ്ണൻ ഈ നോവൽ ആഖ്യാനം ചെയ്യുന്നത്. ബ്രിട്ടീഷുകാർ റെയിൽവേ നിർമ്മാണത്തിനായി ആഫ്രിക്കയിലേക്കു കൊണ്ടുപോയ മലയാളികളിൽ ഒരാളുടെ പിൻമുറക്കാരിയാണ് താര. അധികാരശക്തികൾക്കു മുമ്പിൽ പൊരുതുകയും ഇരയാക്കപ്പെടുകയും ചെയ്യുന്നവരുടെ കഥയാണ് താരാ വിശ്വനാഥിലൂടെ ആവിഷ്കരിക്കപ്പെടുന്നത്.

കാലിഗ്രാഫി : കെൻസ് ഹാരിസ്
കവർ ഡിസൈൻ : ബോണി തോമസ്

ഡിസി ബുക്സ്
www.dcbooks.com
നോവൽ

ISBN 978-93-5282-777-0
00009
9 789352 827770
E-book available
₹ 499

ടി.ഡി. രാമകൃഷ്ണൻ • മാമ ആഫ്രിക്ക

DCB



# മാമ ആഫ്രിക്ക

9-ാം പതിപ്പ്

**ടി.ഡി. രാമകൃഷ്ണൻ**

DCB

LIBRARY
2457

College of Avian Sciences & Management
LIBRARY
2457

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2457 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ടി.ഡി. രാമകൃഷ്ണൻ

1961–ൽ തത്തമംഗലത്ത് ദാമോദരൻ ഇളയതിന്റെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും മകനായി തൃശൂർ ജില്ലയിലെ എയ്യാലിൽ ജനിച്ചു. ആലുവ യു.സി. കോളജ്, മദിരാശി സർവ്വകലാശാല എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. സതേൺ റെയിൽവേ പാലക്കാട് ഡിവിഷനിൽ ചീഫ് കൺട്രോളറായി ഔദ്യോഗികവൃത്തിയിൽനിന്നും വിരമിച്ചു. 2003–ൽ പ്രശസ്ത സേവനത്തിനുള്ള റെയിൽവേമന്ത്രാലയ ത്തിന്റെ ദേശീയ അവാർഡും 2007–ൽ മികച്ച തമിഴ്–മലയാള വിവർത്തകനുള്ള ഇ.കെ. ദിവാകരൻപോറ്റി അവാർഡും 'നല്ലിദി ശൈ എട്ടും' അവാർഡും നേടി. *സുഗന്ധി എന്ന ആണ്ടാൾ ദേവ നായകി* എന്ന നോവലിന് വയലാർ അവാർഡും (2017) *ഫ്രാൻസിസ് ഇട്ടിക്കോര* എന്ന നോവലിന് 2010–ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഷീർ അവാർഡുൾപ്പെടെ നിരവധി പുരസ്കാരങ്ങളും ലഭിച്ചു.


**ടി.ഡി. രാമകൃഷ്ണന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*നോവൽ*
ആൽഫ
ഫ്രാൻസിസ് ഇട്ടിക്കോര
സുഗന്ധി എന്ന ആണ്ടാൾ ദേവനായകി
മാമ ആഫ്രിക്ക
അന്ധർ ബധിരർ മൂകർ
പച്ച, മഞ്ഞ, ചുവപ്പ്

*സംഭാഷണം*
സി.വി. ശ്രീരാമനും കാലവും

*വിവർത്തനം*
മ്

*കഥ*
സിറാജുന്നിസ

ടി. ഡി. രാമകൃഷ്ണന്റെ
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

ടി. ഡി. രാമകൃഷ്ണൻ

# മാമ ആഫ്രിക്ക

ഡി സി ബുക്സ്

MALAYALAM LANGUAGE
Māma Africa

NOVEL
*by* T. D. Ramakrishnan

Rights Reserved

First Published April 2019
This edition - October 2022

ILLUSTRATIONS
Bony Thomas

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ramakrishnan, T. D.
Mama africa/T. D. Ramakrishnan.
440 p., 21 cm.
ISBN 978-93-5282-777-0.
1. Malayalam novel. I. Title.
894.812 3-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5282-777-0

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

926/22-23-Sl.No. 23954 A-dcb 7155-(9)1000-11689-10-22-hn 60-p as-d (t) bs

## ആഫ്രിക്കയിലേക്കുള്ള വഴികൾ

ടി.ഡി. രാമകൃഷ്ണൻ

മലയാളസാഹിത്യം ഇന്ന് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതും പ്രവാസലോകത്തിലാണ്. പ്രവാസികളാണ് ഇന്ന് മലയാള ഭാഷയെ കൂടുതൽ ശക്തിയായി മുന്നോട്ടു നയിക്കുന്നത്. ഞാൻ ഈ കുറിപ്പെഴുതുന്നത് സൗദിയിലെ ദമ്മാമിൽ മാലിക് മഖ്ബൂൽ എന്ന അക്ഷരസ്നേഹിയുടെ മുറിയിലിരുന്നാണ്. വലിയൊരു പുസ്തകക്കൂമ്പാരത്തിനുള്ളിലാണ് മഖ്ബൂൽ ജീവിക്കുന്നത്. ദമ്മാമിലെ മലയാള എഴുത്തിന്റെയും വായനയുടെയും ചുക്കാൻപിടിക്കുന്ന സാജിദ് ആറാട്ടുപുഴയെയും മാലിക് മഖ്ബൂലിനെയുംപോലെ നിരവധി പ്രവാസികൾ ലോകത്തിന്റെ പല കോണുകളിലിരുന്ന് മലയാള ഭാഷയെയും സാഹിത്യത്തെയും മുന്നോട്ടുകൊണ്ടുപോകാൻ തങ്ങളാൽ കഴിയുന്ന സംഭാവനകൾ ചെയ്യുന്നുണ്ട്. അതുപോലെ 120 കൊല്ലം മുമ്പ് കേരളം വിട്ടുപോയിട്ടും മലയാളത്തെ സ്നേഹത്തോടെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി കൂടെക്കൊണ്ടു നടക്കുന്ന കുറച്ചുപേരുടെ കഥയാണ് 'മാമ ആഫ്രിക്ക'യിൽ പറയാൻ ശ്രമിക്കുന്നത്.

ഇന്ത്യൻ റെയിൽവേ ഇന്നും ബ്രിട്ടീഷ് കൊളോണിയൽ അധികാര വ്യവസ്ഥിതിയുടെ മിനിയേച്ചർ രൂപമാണ്. മനുഷ്യത്വരഹിതവും ഹിംസാത്മകവുമാണ് അതിനകത്തെ അധികാരസംവിധാനം. ആ സ്ഥാപനത്തിൽ 34 വർഷം വിവിധ ജോലികൾ ചെയ്താണ് ഞാൻ ജീവിച്ചത്. ആരോഗ്യപരമായ കാരണങ്ങളാൽ മൂന്നുകൊല്ലം മുമ്പ് സ്വയം വിരമിക്കുകയായിരുന്നു. റെയിൽവേ ജീവിതം അനുഭവങ്ങളുടെ അക്ഷയഖനിയാണ്. എന്നിട്ടും പല കാരണങ്ങളാൽ റെയിൽവേ ഇതുവരെ എന്റെ എഴുത്തിന്റെ ഭാഗമായിട്ടില്ല. 'മാമ ആഫ്രിക്ക'യിൽ ചെറിയതോതിൽ റെയിൽവേ ജീവിതം കഥയുടെ പശ്ചാത്തലമാകുന്നുണ്ട്. ഈ നോവലിന്റെ ഫോക്കസ് പ്രവാസവും മലയാള ഭാഷയും സാഹിത്യവുമൊക്കെയാണെങ്കിലും അതിനുള്ള പശ്ചാത്തലമൊരുങ്ങുന്നത് 1895 മുതൽ 1901 വരെ കിഴക്കൻ ആഫ്രിക്കയിലെ മൊംബാസയിൽനിന്ന് വിക്ടോറിയ തടാകം വരെയുള്ള റെയിൽവേ നിർമാണമാണ്. മുപ്പതിനായിരം ഇന്ത്യക്കാരാണ് അതിനായി ആഫ്രിക്കയിലേക്കു പോയത്. അതിൽ ആറായിരത്തിലേറെ പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ബാക്കിയായവരിൽ കുറച്ചു പേർക്ക് റെയിൽവേയിൽ ജോലി ലഭിച്ചു. കുറച്ചു പേർ അവിടെ മറ്റ് ജോലികളിലേർപ്പെട്ടു. അവരിൽ പരപ്പനങ്ങാടിയിൽനിന്നും കടലുണ്ടിയിൽനിന്നും പോയ കുറച്ച് മാപ്പിള ഖലാസികളും അവരുടെ മേസ്തിരിയുമുണ്ടായിരുന്നു. 'മാമ ആഫ്രിക്ക' അവരുടെ കഥകൂടിയാണ്.

എഴുത്ത് എന്നെ സംബന്ധിച്ചിടത്തോളം തീരെ എളുപ്പമുള്ള കാര്യമല്ല. ഏറെ നാളത്തെ അന്വേഷണങ്ങൾക്കും ആലോചനകൾക്കുംശേഷമാണത് സംഭവിക്കുന്നത്. പലപ്പോഴും ദാർശനികവും മാനസികവുമായ വലിയ ആത്മസംഘർഷങ്ങൾക്കുശേഷം. യാഥാർഥ്യങ്ങളുടെയും ഭാവനയുടെയും ഇടയിലൊരു

അർധ ഉന്മാദാവസ്ഥയിൽ. അപ്പോൾ പറയാൻ ശ്രമിക്കുന്ന കഥയൊഴികെ മറ്റൊന്നും മനസ്സിലുണ്ടാവില്ല. ഏറെക്കാലം മനസ്സിൽ കൊണ്ടുനടന്ന് വളർത്തിയെടുത്ത കഥാപാത്രങ്ങൾ ജീവനും വികാരങ്ങളുമുള്ള ചിരപരിചിതരായ വ്യക്തികളായി മാറും. അവർ ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്റെ സ്വന്തം പ്രശ്നങ്ങളാകും. ഉപലേന്ദു ചാറ്റർജിയും ഫ്രാൻസിസ് ഇട്ടിക്കോരയും സുഗന്ധിയുമെല്ലാം അങ്ങനെ എന്റെ ജീവിതത്തിന്റെ ഭാഗമായ കഥാപാത്രങ്ങളാണ്. അവരുടെ ഇടയിലേക്ക് പുതിയതായി എത്തുന്ന കഥാപാത്രമാണ് 'മാമ ആഫ്രിക്ക'യിലെ താര വിശ്വനാഥ്. താരയോടൊപ്പം നിരവധിപേർ വേറെയും. അവരെല്ലാം ഇന്നെന്റെ കൂട്ടുകാരാണ്. അവരുടെ ജീവിതത്തിന്റെ സന്തോഷങ്ങളും സങ്കടങ്ങളും ഉന്മാദങ്ങളും ആഘോഷങ്ങളുമെല്ലാം ചേർന്നതാണ് ഈ നോവൽ.

താര ഒരു എഴുത്തുകാരിയായിരുന്നു. മലയാളത്തിൽ ആദ്യമെഴുതി, പിന്നീട് ഇംഗ്ലിഷിലേക്കും സ്വഹിലിയിലേക്കും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ച യുഗാണ്ടൻ എഴുത്തുകാരി. 'മാമ ആഫ്രിക്ക' താരയുടെ കഥയാണ്. കവിതകളും കഥകളും നോവലുമെല്ലാം ചേർന്ന താരയുടെ രചനകൾതന്നെയാണ് താരയുടെ കഥ. ഒരു എഴുത്തുകാരിയുടെ ജീവിതം അവളുടെ രചനകൾ തന്നെയാണ്. അവയിലൂടെ നമുക്ക് താരയുടെ കഥ വായിക്കാം. പലപ്പോഴും പരസ്പരവിരുദ്ധമെന്നു തോന്നുന്ന, ചിലപ്പോഴൊക്കെ വളരെ സമർഥമായി യാഥാർഥ്യങ്ങൾ മറച്ചുവെക്കുന്ന, ചിലപ്പോൾ നമ്മളെ ഞെട്ടിക്കുന്ന രീതിയിൽ ജീവിതം തുറന്നെഴുതുന്ന താര തന്റെ ഭാവനയുടെ മാന്ത്രികക്കൊട്ടാരത്തിലാണ് ജീവിക്കുന്നത്. പൊള്ളുന്ന ജീവിതയാഥാർഥ്യങ്ങളുടെ വേദനയും കണ്ണീരും പ്രണയത്തിന്റെ മധുരവും ചേർത്ത് പണിതുയർത്തിയ ആ കൊട്ടാരത്തിലെ മായക്കാഴ്ചകൾ കണ്ട് അത്ഭുതപ്പെട്ടു നടക്കുകയാണ് ഞാൻ. പ്രിയ വായനക്കാരെയും ആ കൊട്ടാരത്തിലേക്കു ക്ഷണിക്കുകയാണ്.

ആരോഗ്യപരമായി വലിയ ദുരിതങ്ങളിലൂടെ കടന്നുപോയ കാലത്താണ് 'മാമ ആഫ്രിക്ക' എഴുതുന്നത്. ഈ നോവൽ പൂർത്തിയാക്കാൻ കഴിയാതെ പോകുമോയെന്ന് പലപ്പോഴും ഭയം തോന്നിയിരുന്നു. കണ്ണും തലയും ഹൃദയവുമെല്ലാം പല തവണ പ്രശ്നങ്ങളുണ്ടാക്കി. തിരുവനന്തപുരത്തെ ശ്രീചിത്ര ആശുപത്രിയിൽ വെച്ച് ഒരു ന്യൂറോ സർജറിക്കും കുന്നംകുളത്തെ യൂണിറ്റി ആശുപത്രിയിൽ വെച്ച് ആൻജിയോപ്ലാസ്റ്റിക്കും വിധേയനാകേണ്ടി വന്നു. ശ്രീചിത്രയിലെ ഡോ. സുരേഷ് നായർ, ഡോ. മാത്യു എബ്രഹാം, യൂണിറ്റിയിലെ ഡോ. അഖിൽ, ഡോ. ഹരികൃഷ്ണൻ, ഡോ. സുശാന്ത്, പാലക്കാട് റയിൽവേ ഹോസ്പിറ്റലിലെ ഡോ. മുരളീകൃഷ്ണൻ, ഡോ. ശ്രീകുമാർ എന്നിവരുൾപ്പെടെ എന്നെ ചികത്സിച്ച എല്ലാ ഡോക്ടർമാരോടും സിസ്റ്റർമാരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. അവരുടെ സ്നേഹവും കരുണയുമില്ലായിരുന്നെങ്കിൽ ഈ നോവൽ ഒരിക്കലും സംഭവിക്കില്ലായിരുന്നു. അതുപോലെ തന്നെ നോവൽ ഖണ്ഡശഃയായി പ്രസിദ്ധീകരിച്ച മാധ്യമം ആഴ്ചപ്പതിപ്പിന്റെ എഡിറ്റർമാർ മുസഫർ അഹമ്മദ്, ബിജുരാജ്, സക്കീർ ഹുസൈൻ, ഗംഭീരമായി ഇലസ്ട്രേഷൻസ് ചെയ്ത ബോണി തോമസ് എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു. ഈ ദുരിതകാലത്ത് എനിക്ക് താങ്ങും തണലുമായി നിന്ന പ്രിയ പത്നി ആനന്ദവല്ലി, മക്കൾ വിഷ്ണു, സൂര്യ, മറ്റ് ബന്ധുക്കൾ, സുഹൃത്തുക്കൾ... എല്ലാവർക്കും നന്ദി.

# മാമ ആഫ്രിക്ക